

ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

## ആഗോള പ്രവചന മാതൃക- ഭാഗം 6

# അസമത്വം യുഎസിനെ എങ്ങനെ ബാധിക്കും?

**ഉന്നതിയിലുള്ള ഒരു ശതമാനം പേരാണ് രാജ്യ സമ്പത്തിന്റെ 35 ശതമാനവും കൈവശം വെച്ചിരിക്കുന്നത്**

പലരും വിശേഷിപ്പിക്കുന്നതു പോലെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആഗോള വ്യാപാര യുദ്ധം തുടങ്ങിയതോടെ എനിക്കറിയാവുന്ന ബിസിനസുകാരെല്ലാം ലോക സമ്പദ്‌വ്യവസ്ഥയുടെ ഭാവിയെ കുറിച്ച് ആശങ്കാകുലരാണ്.

ആഗോളതലത്തിൽ എന്താണ് സംഭവിക്കുന്നതെന്നും, അതെങ്ങനെ സംഭവിക്കുന്നു എന്നും അറിഞ്ഞിരിക്കുകയെന്നത് ഏതൊരു ബിസിനസുകാരനെ സംബന്ധിച്ചും വളരെ പ്രധാനമാണ്. ഭാവിയിലെ നിലനിൽപ്പും വിജയവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ വരാനിരിക്കുന്ന സാഹചര്യങ്ങളെ കുറിച്ച് പ്രവചിക്കാനും അവർക്ക് കഴിയണം. എന്റെ പല ക്ലയന്റുകളും ഈ പ്രശ്നങ്ങളെ കുറിച്ച് എന്നോട് ചോദിക്കാറുണ്ട്. അത് മനസിലാക്കുന്നതിന് വേണ്ടി ഞാൻ ഒരു ആഗോള പ്രവചന മാതൃക (Global Prediction Model) ഉണ്ടാക്കിയിട്ടുണ്ട്. എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്നും എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നും മനസിലാക്കാനും ഭാവി സാഹചര്യങ്ങളുടെ സാധ്യതകൾ പ്രവചിക്കാനും ആ മാതൃക എന്നെ സഹായിക്കുന്നു.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ ആഗോള പ്രവചന മാതൃകയെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. കാരണങ്ങൾ, പ്രവർത്തനങ്ങൾ, ഫലങ്ങൾ എന്നിങ്ങനെ.

***Figure 1: Global Prediction Model***




ട്രംപ് ഭരണകൂടം നടപ്പിലാക്കുന്ന യുഎസ് നയങ്ങളാണ് ഭൂരിഭാഗം മാറ്റങ്ങൾക്കും പിന്നിൽ എന്നതിനാൽ ഈ മാതൃകയിൽ ഞാൻ യുഎസ് കേന്ദ്രീകൃതമായ കാഴ്ചപ്പാടാണ് സ്വീകരിച്ചിരിക്കുന്നത്.

മുൻ ലേഖനങ്ങളിൽ മഹാശക്തികളുടെ ചാക്രിക മാറ്റം (Great Power Cycle), ഉയർന്ന യുഎസ് കറന്റ് അക്കൗണ്ട് കമ്മി (High US Current Account Deficit), ആഗോള ജിഡിപിയിലെ യുഎസ് വിഹിതത്തിലെ ഇടിവ് (Drop in US share of World GDP), ചൈനയുടെ ഉദയം (Rise of China), യുഎസിന്റെ വർധിച്ചു വരുന്ന ധനക്കമ്മി (Increasing Fiscal Deficit of US) എന്നിവയെ കുറിച്ച് വിശദമാക്കിയിട്ടുണ്ട്.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന ആഗോള പ്രവചന മാതൃകയുടെ 'കാരണങ്ങൾ' എന്ന ഭാഗത്ത് നൽകിയിരിക്കുന്ന യുഎസിൽ അസമത്വത്തിന്റെ ഉദയം എന്ന വിഷയത്തെ കുറിച്ചാണ് ഈ ലക്കത്തിൽ വിശദീകരിക്കുന്നത്.

യുഎസിൽ വർധിച്ചു വരുന്ന അസമത്വത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെ കുറിച്ച് പല വിശകലന വിദഗ്ധരും ഏറെ ആശങ്കയിലാണ്. ജിഡിപി വളർച്ച, ഓഹരി വിപണിയിലെ ഉയർച്ച, തൊഴിലില്ലായ്മ നിരക്ക് തുടങ്ങിയവയിൽ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ഉയർന്ന വരുമാനമുള്ളവർക്കും മറ്റുള്ളവർക്കും ഇടയിലുള്ള വിടവ് വർധിച്ചു വരുന്ന കാര്യം വിസ്മരിക്കപ്പെടുന്നു. എന്നാൽ അത് ഇനിയും അവഗണിക്കാനാവാത്ത വിധത്തിൽ യുഎസിന്റെ ഭാവി രൂപപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്.

എന്തുകൊണ്ട് അസമത്വം വർധിച്ചുവരുന്നു എന്നതിനെ കുറിച്ച് ബിസിനസ് നായകർ മനസിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. അത് സാമ്പത്തിക സ്ഥിരതയെയും സാമൂഹ്യ ഐക്യത്തെയും എങ്ങനെ ബാധിക്കുന്നുവെന്നും വരാനിരിക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും മനസിലാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ദീർഘകാല നിലനിൽപ്പിനും വളർച്ചയ്ക്കും അനുരൂപമായ ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി യുഎസിലെ വരുമാനത്തിന്റെയും സമ്പത്തിന്റെയും വിതരണം ഉന്നത ശ്രേണിയിലേക്ക് തിരിഞ്ഞിട്ടുണ്ട്.

***Figure 2: Income Concentration of Households in the USA over time***




പുതിയ കണക്കുകൾ പ്രകാരം ഏറ്റവും ധനികരായ ഒരു ശതമാനം പേർ ആകെ വരുമാനത്തിന്റെ ഏകദേശം 25 ശതമാനവും നേടുന്നു. ചിത്രം രണ്ട് കാണിച്ചിരിക്കുന്നതു പോലെ 1930കൾക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന അനുപാതമാണിത്.

***Figure 3: Wealth Concentration of Households in the USA over time***




ഏറ്റവും ഉന്നതിയിലുള്ള ഒരു ശതമാനം പേർ സമ്പത്തിന്റെ 35 ശതമാനവും കൈവശം വെച്ചിരിക്കുന്നു. ചിത്രം മൂന്ന് കാണിച്ചിരിക്കുന്നതു പോലെ 1930ന് ശേഷമുള്ള ഏറ്റവും ഉയർന്ന അനുപാതം തന്നെയാണിതും.

മറ്റൊരു ശ്രദ്ധേയമായ കണക്ക്, ചിത്രം നാലിൽ കാണിച്ചിരിക്കുന്നതു പോലെ യുഎസിൽ ആദ്യമായി വീട് വാങ്ങുന്നവരുടെ ശരാശരി പ്രായം 1991ലെ 28 വയസിൽ നിന്ന് ഇപ്പോൾ 38 വയസായി ഉയർന്നു എന്നതാണ്.

***Figure 4: Median Age of First Time Home Buyers in the USA***




രണ്ടാം ലോക മഹായുദ്ധാനന്തര ദശകങ്ങളിൽ നിന്ന് വളരെ അന്തരമുണ്ട് ഇതിന്. അന്ന് സാമ്പത്തിക വളർച്ച കൂടുതൽ തുല്യമായി പങ്കിടപ്പെട്ടിരുന്നു. മധ്യവർഗം ശക്തരായിരുന്നു.

വർധിച്ചു വരുന്ന അസമത്വം ധാർമികമായ ആശങ്ക മാത്രമല്ല. അതിന് വ്യക്തമായ സാമ്പത്തിക, രാഷ്ട്രീയ പ്രത്യാഘാതങ്ങളുണ്ട്. അമേരിക്കയിലെ ഭൂരിഭാഗം പേരുടെയും ഇടയിൽ സജീവമായ സാമ്പത്തികപരമായ നിരാശ സാമൂഹിക വിഭജനങ്ങൾക്കും ജനകീയ മുന്നേറ്റത്തിനും ഇന്ധനമേകുന്നുണ്ട്. ജനസംഖ്യയുടെ ഒരു പ്രധാന ഭാഗം- പ്രത്യേകിച്ച് ആദ്യമായി വോട്ട് ചെയ്യുന്ന യുവാക്കൾ, ഈ സംവിധാനം കൃത്രിമമാണെന്നും യുഎസിനെ നിയന്ത്രിക്കുന്ന ഒരു ഡീപ്പ് സ്റ്റേറ്റ് ഉണ്ടെന്നും വിശ്വസിക്കുന്നു.

ചിലർ വിശ്വസിക്കുന്നത് ഡീപ്പ് സ്റ്റേറ്റ് ഇസ്രായേൽ പോലുള്ള വിദേശ രാജ്യങ്ങളുടെ ശക്തമായ സ്വാധീനത്തിലാണെന്നാണ്. ഇത് വിദേശ ആവശ്യങ്ങൾക്കായി വലിയ തുകകൾ ചെലവഴിക്കാൻ കാരണമാകുന്നു. ഭവനരഹിതരുടെ എണ്ണം വർധിക്കുന്നത്, ചെലവേറിയ ചികിത്സ, വീട് വാങ്ങുന്നതിനും കുടുംബം പോറ്റുന്നതിനുമുള്ള ബുദ്ധിമുട്ട് തുടങ്ങി നിരവധി പ്രശ്നങ്ങൾ യുഎസ് അഭിമുഖീകരിക്കുന്നതിനിടയിലാണിത്.

ഇത് അവരെ പ്രസിഡന്റ് ട്രംപ്, ന്യൂയോർക്ക് നഗരത്തിലെ ഡെമോക്രാറ്റിക് മേയർ സ്ഥാനാർത്ഥി സൊഹ്റാൻ മംദാനി തുടങ്ങിയ രാഷ്ട്രീയക്കാർക്ക് വോട്ട് ചെയ്യാൻ പ്രേരിപ്പിക്കുന്നു. പരമ്പരാഗത ശക്തി കേന്ദ്രങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾക്കെതിരെ പോരാടുമെന്നും വിദേശ യുദ്ധങ്ങൾ ഒഴിവാക്കുമെന്നും അമേരിക്ക ആദ്യം എന്ന നയം ഉൾക്കൊണ്ട് അമേരിക്കക്കാരുടെ ജീവിതം മെച്ചപ്പെട്ടതാക്കുമെന്നുമെല്ലാം അവർ വാഗ്ദാനം ചെയ്യുന്നു. അസമത്വത്തിന്റെ വളർച്ച എന്നത് ഒരു അമേരിക്കൻ കഥ മാത്രമല്ല, പല രാജ്യങ്ങളിലും ജനകീയ നേതാക്കൾ ഉയർന്നു വരുന്നതിലേക്ക് നയിക്കുന്ന ആഗോള പ്രവണത കൂടിയാണ്.

ആഗോള പ്രവചന മാതൃകയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ. ■